**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4727** **02-07-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നത് കാരണം വടക്കാഞ്ചേരി മണ്ഡലത്തിൽ കൊട്ടേക്കാട് - മുണ്ടൂർ പി.ഡബ്ല്യൂ.ഡി. റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിൽ ജലജീവൻ പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ കൊട്ടേക്കാട് - മുണ്ടൂർ പി.ഡബ്ല്യൂ.ഡി. റോഡിൽ ജലജീവൻ പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി.യിൽനിന്ന് റോഡ് കട്ടിംഗ് അനുമതി ലഭിക്കേണ്ടതുണ്ട്. അനുമതിക്കായി അപേക്ഷിച്ചതിൽ 1,92,17,296.80/-രൂപയുടെ റോഡ് റെസ്റ്റോറേഷനു വേണ്ടിയുള്ള ഡിമാൻഡ് നോട്ടീസ് പി.ഡബ്ല്യൂ.ഡി. യിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യത അനുസരിച്ച് പ്രസ്തുത തുക അടച്ച് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ ടി റോഡിൽ കൈപ്പറമ്പ് പഞ്ചായത്തിലെ 1.669 കിലോമീറ്ററും, അവണൂർ പഞ്ചായത്തിലെ 2.973 കിലോമീറ്ററും ആണ് പൈപ്പ് സ്ഥാപിക്കുവാനുള്ളത്. മേൽ റോഡിൽ പൈപ്പ് സ്ഥാപിക്കുന്നതിന് 24/02/2024- ൽ പി.ഡബ്ല്യൂ.ഡി. യിൽ നിന്നും അനുമതി ലഭിക്കുകയും 14.03.2024-ൽ പി.ഡബ്ല്യൂ.ഡി.യുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കാലതാമസം ഒഴിവാക്കി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | ടി പ്രവൃത്തിയിൽ പി.ഡബ്ല്യൂ.ഡി. അനുമതി ലഭിച്ച സ്ഥലങ്ങളിൽ റോഡ് മുറിക്കുന്നതിനുള്ള മൺസൂൺ നിരോധനം തീർന്നതിനു ശേഷം എത്രയും പെട്ടെന്നുതന്നെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇനിയും അനുമതി ലഭിക്കാനുള്ള |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിൽ റോഡ് റെസ്റ്റോറേഷനുള്ള ഫണ്ട് അടവാക്കി പി.ഡബ്ല്യു.ഡി.യുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് കാലതാമസം ഒഴിവാക്കി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ